# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8217 — 17/7/2014-ൽ മറുപടിക്ക്

## കേരള ഷോപ്പ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരള ഷോപ്പ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; | (എ) 1960-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ് പ്രകാരം 15/3/2007-ൽ പദ്ധതി രൂപീകരിച്ച് അന്നുമുതൽ തന്നെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നു. ഈ പദ്ധതിയിൽ 30/6/2014-വരെ 1,28,204 സ്ഥാപനങ്ങളിൽ നിന്നായി 6,93,342 പേർ അംഗത്വമെടുത്തിട്ടുണ്ട്. 2013-14 വരെ ആകെ 57,40,76,186/- രൂപ അംശദായമായി ബോർഡിന് ലഭിച്ചിട്ടുണ്ട്. 30/6/2014-വരെ 63,66,35,000/- രൂപ ബാങ്കുകളിൽ സ്ഥിരനിക്ഷേപം ഉണ്ട്. 2013-14 വർഷം 1704 പേർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയ വകയിൽ 1,01,95,920/- രൂപ ബോർഡ് ചെലവാക്കിയിട്ടുണ്ട്. 2014 മാർച്ച് വരെ ബോർഡിന്റെ ഹെഡ് ഓഫീസിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 01/6/2014 മുതൽ ലഭിക്കുന്ന അപേക്ഷകളി |

| | | | |
|---|---|---|---|
| | | | ന്മേൽ ഉള്ള ആനുകൂല്യങ്ങൾ ഓൺലൈനായി നൽകിവരുന്നു. ബോർഡിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും peedika.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | എല്ലാ വ്യാപാരസ്ഥാപനങ്ങളും കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ചാണോ പ്രവർത്തിക്കുന്നത്; | (ബി) | അതെ |
| (സി) | പ്രസ്തുത നിയമം പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | പ്രസ്തുത നിയമം പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | വ്യാപാരസ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നിയമമനുസരിച്ച് ലഭിക്കേണ്ട അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് പരിശോധന കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ഇക്കാര്യം പരിഗണിച്ചു വരുന്നു. |
| (ഇ) | വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് തുണിക്കടകളിൽ തൊഴിലാളികൾക്ക് അധികസമയം ജോലി ചെയ്യേണ്ടിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | ഉണ്ട്. |

സെക്ഷൻ ഓഫീസർ